No. of Printed Pages : 5 **FML-01**

# BACHELOR'S DEGREE PROGRAMME (BDP)

## Term-End Examination

## June, 2025

## FML-01 : FOUNDATION COURSE IN MALAYALAM

*Duration : 2 Hours* *Maximum Marks: 50*

പ്രിൻറ് ചെയ്ത പേജുകളുടെ എണ്ണം: 5 **FML-01**

ബാച്ചിലേഴ്സ് ഡിഗ്രി പ്രോഗ്രാം (ബിഡിപി)

**ടേം-അവസാന പരീക്ഷ**

ജൂണ് – 2025

**FML-01:** ഫൗണ്ടേഷൻ കോഴ്സ് ഇൻ മലയാളം

*സമയം:* 2 മണിക്കൂർ പരമാവധി മാർക്ക്- 50

---

നിർദേശങ്ങൾ:

1. ചോദ്യം 1. രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 10 മാർക്ക് വീതം)
2. ചോദ്യ 2 -മൂന്നു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 5 മാർക്ക് വീതം)
3. ചോദ്യം 3- വിവർത്തനം (ചോയ്സ് ഇല്ല) - 5 മാർക്ക്
4. ചോദ്യം 4 - എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.
5. ഉത്തരമെഴുതുമ്പോൾ അതാത് ചോദ്യത്തിന് നമ്പറിട്ട് എഴുതുക

---

1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു ഉപന്യാസ രീതിയിൽ ഉത്തരമെഴുതുക (ഏതെങ്കിലും 2 എണ്ണം മാത്രം) 2x10=20

P. T. O.

a. മാത്തുക്കുട്ടിയുടെ പുനരാഗമനം കാത്തിരിക്കുന്ന മധ്യ തിരുവിതാംകൂർ ഭവനത്തിലുള്ളവരുടെ വിവിധ ഭാവങ്ങളും മനോഗതികളും വിലയിരുത്തി 'അവൻ വീണ്ടും വരുന്നു' എന്ന ശബ്ദം ഒരു അശരീരി പോലെ ഓരോ വ്യക്തികളിലുമുണ്ടാക്കുന്ന അനുഭവം വർണ്ണിച്ചു വിവരിക്കുക.

b. ഒരു രാജ്ഞിയെപ്പോലെ ശോഭിക്കുന്ന പൂവിന്റെ അവസ്ഥയും പിന്നീടുണ്ടായ പതനവും വർണ്ണിക്കുന്നതിലൂടെ ഒരു വ്യക്തിജീവിത കഥയും വ്യഞ്ജിപ്പിക്കുന്നുണ്ട്. ഈ സ്ഥിതിയെക്കുറിച്ചു തത്വചിന്താ ദർശനം നടത്തി കവിയെങ്ങനെ വിവരിക്കുന്നുവെന്നു വിവരിക്കുക.

c. ചോദ്യം (1) (e) മലയാളത്തിലെ സന്ധികളുടെ വകഭേദങ്ങൾ ഏവ. ഉദാഹരണ സഹിതം വിവരിക്കുക.

d. ഒരു രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് പഠിക്കണമെങ്കിൽ മറ്റു മാനവിക ശാസ്ത്രങ്ങളും പഠിക്കണമല്ലോ. അവ ഏതൊക്കെയാണെന്നും രാജ്യത്തിന്റെ ഉന്നമനത്തിന് എത്രമാത്രം സ്വാധീനിക്കുന്നുവെന്നും വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

e. കേരളത്തിന്റെ പ്രാചീന ചരിത്രത്തിൽ ഒരു മുഖ്യ പങ്കു വഹിച്ച യോദ്ധാക്കളാണ് ചാവേറുകൾ. അവരുടെ ഉൽപ്പത്തിയെക്കുറിച്ചും നാട്ടുരാജ്യങ്ങളുടെ കെട്ടുറപ്പിനും ഭദ്രതക്കും അവർ നടത്തിയ

പോരാട്ടത്തെക്കുറിച്ചും പരാമർശിച്ചുകൊണ്ട് ഒരു ഉപന്യാസം തയ്യാറാക്കുക.

2. താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും മൂന്നു ചോദ്യങ്ങൾക്ക് ഓരോ. ഖണ്ഡികയിൽ ഉത്തരമെഴുതുക. 3x5=15

a. സസ്തനങ്ങളുടെ സവിശേഷതകൾ വിവരിച്ചുകൊണ്ട് ഒരു കുറിപ്പ് തയ്യാറാക്കുക.

b. മലയാളത്തിലെ അഞ്ചു പഴഞ്ചൊല്ലുകൾ എഴുതിയിട്ട് അതിന്റെ അർത്ഥം വിവരിക്കുക.

c. സംക്ഷേപണവും പരാവർത്തനവും നടത്തുന്നതെങ്ങനെ? ഉദാഹരണ സഹിതം വിശദീകരിക്കുക.

d. ഭക്തപുരവും പഠനും എന്ന പാഠഭാഗത്തെ മുൻനിർത്തി എസ്.കെ. പൊറ്റെക്കാടിന്റെ യാത്രാവിവരണങ്ങളുടെ പ്രത്യേകതകൾ വിശദീകരിക്കുക.

e. “വാക്കുകൾ കൂട്ടിച്ചൊല്ലാൻ
വയ്യാത്ത കിടാങ്ങളേ,
ദീർഘദർശനം ചെയ്യും
ദൈവജ്ഞരല്ലോ നിങ്ങൾ!”
ഈ വരികളുടെ അർത്ഥം വിവരിക്കുക.

3. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുക. 5

Literature is intimately related to society-viewed as a whole body of literature is part of an entire culture of a people. The characteristic qualities that distinguish the literature of one group from that of another, derive from the characteristic qualities of the group. Its themes and problems emerge from group activities and group

situations and its significance lies in the extent to which it expresses and enriches the totality of the culture. It is an integral part of the entire culture tied by a tissue of connections with every other element in the culture.

4. താഴെ കൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 10x1=10

a. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:

i. വിനയെച്ചം എന്നാൽ എന്ത്? ഉദാഹരണ സഹിതം വിവരിക്കുക.

ii. മലയാളത്തിലെ പ്രത്യയങ്ങളെ കുറിച്ച് വിവരിക്കുക.

iii. ശാസ്ത്ര വിഷയങ്ങൾ അവതരിപ്പിയ്ക്കുമ്പോൾ സാങ്കേതിക പദങ്ങൾ ഉപയോഗിക്കേണ്ടി വരും. അവയെക്കുറിച്ച് വിശദീകരിക്കുക.

iv. കണ്ണിന്റെ അടിസ്ഥാന ഘടന വിവരിക്കുക

v. “പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം”
എന്ന വരികളുടെ അർത്ഥം വിവരിക്കുക

vi. കുറിപ്പുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയാധികാരമുള്ള ഉദ്യോഗസ്ഥൻ തീരുമാനം എടുക്കുന്നതിനെ --------------- എന്നു പറയുന്നു. (പ്രാരൂപം, കുറിപ്പ്, ലേഖനം)

vii. പുഷ്പങ്ങളിലെ നിറത്തിനടിസ്ഥാനമായ --------------------- മൂന്നു തരത്തിൽ പെടുന്നവയാണെന്ന് സി.വി. രാമൻ കണ്ടെത്തി. (വർണ്ണകങ്ങൾ, ആഗിരണം, തൻമാത്ര)

viii. ക്രിയയുടെ നിഷേധമാണ് ---------------------- (പൂരണാനുപ്രയോഗം, നിഷേധാനുപ്രയോഗം, കാലാനുപ്രയോഗം)

ix. ഫംഗസുകളെ ------------------ എന്ന ഇനത്തിൽ ഉൾപ്പെടുത്തുന്നു. (ബ്രയോഫൈറ്റ, ടെറിഡോഫൈറ്റ, താലോഫൈറ്റ)

x. കുമാരനാശാൻ, വൈലോപ്പിള്ളി നാരായണ മേനോൻ, ജി. ശങ്കരക്കുറുപ്പ് എന്നിവർ -------------------- ആയിരുന്നു. (കഥാകൃത്തുകൾ, കവികൾ, വിമർശകർ)

(b) ആവരണങ്ങളിൽ കൊടുത്തിട്ടുള്ളതിൽ ഏറ്റവും ശരിയായത് തിരഞ്ഞെടുത്ത് പൂരിപ്പിക്കുക.

× × × × ×